## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4420 25.10.2016- ൽ മറുപടിക്ക്**

**"കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന്റെ മാനേജിംഗ് ഡയറക്ടർ തസ്തിക "**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>,, അനിൽ അക്കര<br>,, ഷാഫി പറമ്പിൽ<br>,, സണ്ണി ജോസഫ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് (കെ.എസ്.ഐ.ഇ) ന്റെ മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണ്; | (എ)<br>(ബി)<br>&<br>(സി) | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ കാലാകാലങ്ങളിൽ മാറിവരുന്ന സർക്കാരുകൾ അനുയോജ്യരായ വ്യക്തിയെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുകയാണ് ചെയ്യുന്നത്.<br>KSIE യുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ പ്രകാരം പ്രത്യേക യോഗ്യതകൾ നിഷ്കർഷിച്ചിട്ടില്ലാത്തതാകുന്നു. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിനു മാത്രമായി വിജ്ഞാപനം നൽകിയിരുന്നില്ല. |
| ബി) | പുതിയ മാനേജിംഗ് ഡയറക്ടർ നിയമനം സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നോ; | | |
| സി) | എത്രപേർ അപേക്ഷ നൽകിയെന്നും എന്നായിരുന്നു പ്രസ്തുത തസ്തികയിലേക്കുള്ള എഴുത്തു പരീക്ഷ/ഇന്റർവ്യൂവെന്നും വ്യക്തമാക്കുമോ; | | |
| ഡി) | ശ്രീ. പി.കെ. സുധീർ നമ്പ്യാരെ പ്രസ്തുത സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിരുന്നോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി)<br>(ഇ)<br>(എഫ്)<br>&<br>(ജി) | ബാധകമല്ല |

| | | | |
|---|---|---|---|
| ഇ) | ശ്രീ. പി.കെ. സുധീർ നമ്പ്യാർ ടി തസ്തികയിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; അദ്ദേഹത്തിന്റെ വിദ്യാഭ്യാസ യോഗ്യത എന്തായിരുന്നു; | | |
| എഫ്) | ഈ നിയമനം റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് റദ്ദാക്കിയെന്നും റദ്ദാക്കാനുള്ള കാരണം എന്തെന്നും വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | |
| ജി) | ശ്രീ. പി.കെ. സുധീർ നമ്പ്യാരെ നിയമിക്കുന്നതിന് മുമ്പ് വിജിലൻസ് ക്ലീയറൻസ് വാങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**